Talented Bankers Literary Panel
പുസ്തക പരിചയം 208

പരിചയപ്പെടുത്തുന്നത്,

ആദർശ് ജി.,
കേരള ഗ്രാമീൺ ബാങ്ക്,
ഉമ്മന്നൂർ ശാഖ.

ഘാതകൻ,
കെ ആർ മീര.

" നിങ്ങൾ എപ്പോഴെങ്കിലും ഒരു വധശ്രമത്തെ നേരിട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കഷ്ടം "
എന്ന വിചിത്രമായ ഒരു വാചകത്തിലൂടെയാണ്
'ഘാതകൻ' എന്ന നോവൽ തുടങ്ങുന്നത്.

ഘാതകൻ ഒരു സത്യാന്വേഷണമാണ്.. സത്യപ്രിയയുടെ സത്യാന്വേഷണം. സ്വന്തം ഘാതകനെ തിരയുന്ന സത്യപ്രിയ. ആ യാത്രയിൽ ഉടനീളം അവൾ നേരിടുന്ന ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ. കാലങ്ങളായി മൂടപ്പെട്ടു കിടക്കുന്ന ചരിത്രത്തിലേയ്ക്ക് ആണ് അവൾ തിരിഞ്ഞു നടക്കുന്നത്.

ഇന്ത്യയിലെ സാധാരണക്കാരെയും ഇന്ത്യൻ സാമ്പത്തിക രംഗത്തെയും ഒരുപോലെ മാറ്റിമറിച്ച നോട്ട് നിരോധനം നടന്ന 2016 നവംബർ 8ന് ശേഷം 8 ദിവസങ്ങൾക്കു ശേഷം സത്യപ്രിയയ്ക്ക് നേരെ നടന്ന വധശ്രമത്തിലൂടെ യാണ് കഥ ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ നോട്ട് നിരോധനം കഥാസന്ദർഭങ്ങളിലൂടനീളം കടന്നുവരുന്ന ഒരു പ്രധാന സംഭവം ആയി മാറുന്നുണ്ട്. തന്റെ പുറകെ അജ്ഞാതനായ ഒരു ഘാതകൻ ഉണ്ടെന്ന് തന്റെ അച്ഛനിൽ നിന്നും സത്യപ്രിയ മനസിലാക്കുന്നു. അതിനു ശേഷം ആ ഘാതകനെ കണ്ടെത്താൻ സത്യപ്രിയ നടത്തുന്ന അന്വേഷണം ഞെട്ടിപ്പിക്കുന്ന അനുഭവങ്ങൾ ആണ് വായനക്കാരന് മുന്നിൽ ദൃശ്യമാക്കുന്നത്.

ഒരു അപസർപ്പക കഥ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് സംശയം ഉണ്ടെങ്കിലും വായനയുടെ ഓരോ ഘട്ടങ്ങളിലും ആകാംക്ഷ സമ്മാനിച്ചുകൊണ്ടാണ് കഥ മുന്നോട്ട് പോകുന്നത്. ഘാതകനെ കണ്ടെത്തി എന്നു തോന്നുന്ന സന്ദർഭത്തിൽ കഥാസന്ദർഭം മാറിമറിയുകയും മറ്റൊരു കഥ ജനിക്കുകയും ചെയ്യുന്നു.

വളരെ ഗൗരവപൂർണ്ണമായ ഒരു കഥ പറയുന്നതിനോടൊപ്പം തന്നെ നമ്മുടെ സമൂഹത്തിലെ ഫാസിസ്റ്റ് ഭരണവർഗ അടിച്ചമർത്തലുകൾക്ക് എതിരെയും,മത ജാതിപരമായ വർഗീയ ചേരിതിരിവുകൾക്ക്

എതിരെയും ഉള്ള ശക്തമായ കാഴ്ചപ്പാടുകൾ എഴുത്തുകാരി പല സന്ദർഭങ്ങളിലും പ്രകടിപ്പിക്കുന്നുണ്ട്. സത്യപ്രിയയുടെ ഘാതകനെ തേടി പോകുന്ന കഥ അതിനോടൊപ്പം തന്നെ നമ്മുടെ രാഷ്ട്രത്തിന്റെ സാമ്പത്തിക അസമത്വത്തെയും, കശ്മീർ
ജനതയുടെ ദുരിതത്തെയും
എല്ലാം വായനക്കാരനു മുന്നിൽ എത്തിക്കുന്നുണ്ട്. നോട്ട് നിരോധനം സാധാരണക്കാരന് ഉണ്ടാക്കിയ ബുദ്ധിമുട്ടുകൾ തന്റെ അനുഭവത്തിലൂടെ തന്നെ കഥയുടെ പല സന്ദർഭങ്ങളിലും എഴുത്തുകാരി ശക്തമായി അവതരിപ്പിച്ചിട്ടുണ്ട്.

അതേ സമയം തന്നെ ഇപ്പോഴുള്ള അതിന്റെ പകുതി പേജുകളിൽ ഒതുക്കാമായിരുന്നു ഒരു കഥയാണ് വലിച്ചുനീട്ടി ഇത്ര വലിയ ഒരു പുസ്തകമാക്കി ഇറക്കിയിരിക്കുന്നത് എന്ന തോന്നൽ വായനക്കിടയിൽ തോന്നി.

മീരയുടെ മറ്റു നോവലുകളിലെ പോലെ സ്ത്രീ കഥാപാത്രങ്ങൾ തന്നെയാണ് ഈ നോവലിലും ശക്തമായ കഥാപാത്രങ്ങൾ ആയി വരുന്നത് . പുരുഷ കഥാപാത്രങ്ങൾ പൂർണ്ണമായും അസാന്മാർഗികരും അല്ലങ്കിൽ ദുർബലരും. ശക്തമായ സ്ത്രീ കഥാപാത്രങ്ങളെ മീരയുടെ നോവലുകളുടെ നമുക്കു ലഭിക്കുന്നുണ്ടെങ്കിലും ഈ ഒരു രീതി മൂലമുള്ള ആവർത്തനവിരസത നോവലുകളിൽ പ്രകടമായി തുടങ്ങുന്നുണ്ട് എന്നാണ് വ്യക്തിപരമായ അഭിപ്രായം.
.
അമിത പ്രതീക്ഷകൾ നൽകാതെ വായിച്ചു പോയാൽ മികച്ച ഒരു വായനാനുഭവം സമ്മാനിക്കുന്ന നോവൽ തന്നെയാണ് അനുഗ്രഹീത എഴുത്തുകാരി കെ ആർ മീര യുടെ കൈയൊപ്പ് പതിഞ്ഞ ഘാതകൻ എന്നതിൽ സംശയമില്ല.